പുരാരേഖാ വകുപ്പിലെ ജീവനക്കാരും വകുപ്പിന്റെ പ്രവർത്തനവും

53 [936] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പുരാരേഖാ വകുപ്പിൽ ഇപ്പോൾ എത്ര പേർ ജോലിയെടുക്കുന്നുണ്ട്; ഇവർ ആരൊക്കെയെന്നതിന്റെ തസ്തിക തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്താതിരിക്കുന്നതെന്നും എന്ത് കാരണത്താലാണിതെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രസിദ്ധീകരണങ്ങൾ ഈ വകുപ്പിന്റേതായി പുറത്തിറക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പുരാരേഖാ പ്രദർശനങ്ങൾക്കുപരിയായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന പുരാരേഖാ വകുപ്പ് എന്തൊക്കെ പൊതുപ്രവർത്തനങ്ങളാണ് ചെയ്തതെന്ന് വ്യക്തമാക്കാമോ;

(ഇ) പുരാരേഖാ വകുപ്പിന്റെ പക്കലുള്ള താളിയോല രേഖകൾ പൊടിഞ്ഞ് ഇല്ലാതായിക്കൊണ്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംരക്ഷിക്കുന്നതിനും പകർത്തി സൂക്ഷിക്കുന്നതിനും എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) പുരാരേഖാ വകുപ്പിൽ മൊത്തം 120 തസ്തികകൾ ഉണ്ട്. ഇതിൽ 103 പേർ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നുണ്ട്. ബാക്കി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. തസ്തിക തിരിച്ചുള്ള സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ആർക്കിവിസ്റ്റിന്റെ രണ്ടും കൺസർവേഷൻ ആഫീസർ, എഡിറ്റോറിയൽ ആർക്കിവിസ്റ്റ്, അസിസ്റ്റന്റ് കൺസർവേഷൻ ഓഫീസർ എന്നീ വിഭാഗങ്ങളിൽ ഓരോന്നും തസ്തികകളിൽ നിയമനം നടത്തിയിട്ടില്ല. ഈ തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. മറ്റു ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി പുസ്തകങ്ങൾ ഒന്നും വകുപ്പിന്റേതായി പുറത്തിറക്കിയിട്ടില്ല. എന്നാൽ ചില പുസ്തകങ്ങൾ ഭാഗികമായി അച്ചടിയിലാണ്. വകുപ്പിന്റെ പുസ്തകങ്ങൾ ഗവൺമെന്റ് പ്രസ്സിലാണ് അച്ചടിക്കുന്നത്. ഗവൺമെന്റ് പ്രസ്സിൽനിന്നും പുസ്തകങ്ങൾ അച്ചടിച്ചുകിട്ടുന്നതിനുണ്ടാകുന്ന കാലതാമസം കൊണ്ടാണ് അവ പ്രസിദ്ധീകരിക്കാൻ കഴിയാത്തത്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുരാരേഖാ വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനായി 2002 നവംബർ 17 മുതൽ 22 വരെ കൊച്ചിയിൽ പുരാരേഖാ വാരാഘോഷത്തിനോടനുബന്ധിച്ച് രേഖാ സംരക്ഷണ സെമിനാറും 2002 ഡിസംബർ 19 മുതൽ 22 വരെ തൃപ്പൂണിത്തുറ ഹിൽപാലസ്സിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിയോളജിയുടെ നേതൃത്വത്തിൽ മാരിടൈം ഹെറിറ്റേജ് ഓഫ് ഇന്ത്യ സെമിനാറും സംഘടിപ്പിച്ചു. സ്വകാര്യ വ്യക്തികളുടെ പക്കലുള്ള അമൂല്യമായ പുരാരേഖകൾ വാങ്ങുന്നതിന് ഒരു പർച്ചേസ് കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനം നടത്തുന്നു. വിവിധ വകുപ്പുകളിൽ സൂക്ഷിച്ചിരിക്കുന്ന 25 വർഷം പഴക്കമുള്ള ഫയലുകൾ പുരാരേഖാ വകുപ്പിൽ കൊണ്ടുവരാൻ ശ്രമം നടക്കുന്നു. കണ്ണൂർ അറയ്ക്കൽ കൊട്ടാരത്തിലെ രേഖകൾ പുരാരേഖാവകുപ്പിന് കൈമാറുന്നതിനുള്ള ധാരണയിലെത്തിയിട്ടുണ്ട്. 2003 നവംബർ 17 മുതൽ 22 വരെ തിരുവനന്തപുരത്തു വച്ച് നടന്ന അന്താരാഷ്ട്ര ആർക്കൈവൽ വാരാഘോഷത്തോടനുബന്ധിച്ച് സെമിനാർ സംഘടിപ്പിച്ചു. കോളേജ് വിദ്യാർത്ഥികൾക്കായി ലേഖന മത്സരം സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) പുരാരേഖാ വകുപ്പിന്റെ കീഴിലുള്ള സെൻട്രൽ ആർക്കൈവ്സ്, എറണാകുളം റീജിയണൽ ആർക്കൈവ്സ് എന്നിവിടങ്ങളിലാണ് പുരാരേഖകൾ സൂക്ഷിക്കുന്നത്. തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സിൽ പതിനഞ്ചാം നൂറ്റാണ്ടുമുതലുള്ള രേഖകൾ നിലവിലുണ്ട്. ഏകദേശം ഒരു കോടിയോളം വരുന്ന താളിയോലകളും മറ്റും പഴയ തമിഴ് മലയാള ലിപികളിലായതുകൊണ്ടും ഈ ഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നവരുടെ അഭാവം ഇവ ക്രമീകരിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളിൽ നിന്നുകൊണ്ട് ഫയലുകളിലെ പൊടി നീക്കം ചെയ്തു കൊണ്ടും രാസപദാർത്ഥങ്ങൾ ഉപയോഗിച്ചു വൃത്തിയാക്കി പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള റാക്കുകളിൽ സൂക്ഷിക്കുന്നു. ഇവ സൂക്ഷിക്കുന്ന കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം വളരെ കുറച്ചു രേഖകൾക്ക് കേടുപാടു സംഭവിച്ചിട്ടുണ്ട്. തിരുവനന്തപുരം സെൻട്രൽ ആർക്കൈവ്സ് കെട്ടിടം പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിൽ പുനരുദ്ധരിക്കുന്ന പണി ത്വരിതഗതിയിൽ നടന്നുവരുന്നു. വകുപ്പിൽ സൂക്ഷിച്ചിട്ടുള്ള മുഴുവൻ ഓലരേഖകളും ശാസ്ത്രീയ സംരക്ഷണത്തിന് വിധേയമാക്കുന്നതിന് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഇന്ത്യൻ കൗൺസിൽ ഓഫ് കൺസർവേഷൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായം തേടിയിട്ടുണ്ട്. താളിയോലകളിലെ രേഖകൾ പകർത്തി എഴുതുന്നതിന് പ്രാവീണ്യം ഉള്ളവരുടെ ഒരു പാനൽ തയ്യാറാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly